LIBRARY ARCHIVES Kerala Legislative Assembly

മണൽകടത്തിന്റെ ഭാഗമായി പിടിച്ചെടുത്ത വാഹനങ്ങൾ

187(3109) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണൽകടത്തിന്റെ ഭാഗമായി പിടിച്ചെടുത്ത വാഹനങ്ങൾ കളക്ടേറ്റിലും പോലീസ് സ്റ്റേഷനുകളിലും കിടന്ന് നശിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വാഹനങ്ങൾ യഥാസമയം വിട്ടു നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് കെട്ടികിടക്കുന്ന വാഹനങ്ങളുടെ ലേലത്തിലൂടെ എത്ര രൂപ ഖജനാവിലേക്ക് സമാഹരിക്കാൻ കഴിയും എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) പിടിച്ചെടുത്ത വാഹനങ്ങൾ കളക്ടേറ്റുകളിലും സ്റ്റേഷനുകളിലും നിന്ന് നീക്കം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനം വിട്ടുതൽചെയ്യ് കിട്ടുന്നതിനായി വാഹന ഉടമ അപേക്ഷ നൽകാത്ത സാഹചര്യത്തിലും കേസുകൾ തീർപ്പാകാത്ത സാഹചര്യത്തിലും നിശ്ചിത പിഴ തുക അടച്ച് വാഹനം ഏറ്റെടുക്കാത്ത സാഹചര്യത്തിലുമാണ് വാഹനങ്ങൾ യഥാസമയം വിട്ടുനൽകാൻ സാധിക്കാതെ വരുന്നത്.

(സി) കേസുകൾ തീർപ്പാക്കാതെ വാഹനം ലേലം ചെയ്യുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ ലേലത്തിലൂടെ സമാഹരിക്കാൻ കഴിയുന്ന തുക വിവരം പരിശോധിച്ചിട്ടില്ല.

(ഡി) നിയമാനുസൃതം നീക്കം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

മുല്ലപ്പെരിയാർ ഡാം-പ്രദേശവാസികളുടെ സുരക്ഷിതത്വം

188(3110) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാം അപകടാവസ്ഥയിലായ സാഹചര്യത്തിൽ പ്രദേശവാസികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എത്രപേരെയാണ് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി പാർപ്പിച്ചിട്ടുള്ളത് ;